# 13-ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം:344** — **24.06.2014-ൽ മറുപടിയ്ക്ക്**

## സംസ്ഥാന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിപണി വിപുലീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.മുരളീധരൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ആർ.സെൽവരാജ്<br>ശ്രീ. ബെന്നി ബെഹനാൻ | | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിപണി വിപുലീ കരിക്കുന്ന കാര്യം പരിഗണന യിലുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി സഹകരിച്ച് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തു ന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായിച്ചേർന്നുള്ള സംയുക്ത സംരംഭങ്ങൾ, വിപണന വിപുലീകരണം, ഉൽപ്പാദന വർദ്ധന എന്നിവ സർക്കാർ പരിഗണിച്ചു നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യ ങ്ങളും പ്രവർത്തനരീതിയും എന്തൊക്കെ ആണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാ ക്കാമോ; | (ബി) യും | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്ന മേഖലകളുടെ വിവരം ചുവടെ ചേർക്കുന്നു. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്ന തെന്ന് വിശദമാക്കുമോ ; | (സി) യും | • കേന്ദ്ര സർക്കാർ സ്ഥാപനമായ **സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും** കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡുമായി ചേർന്ന് ടൈറ്റാനിയം സ്പോഞ്ച് |

ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി.

- **സിമൻറ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി** സഹകരിച്ച് മലബാർ സിമൻറ്സിന് ക്ലിങ്കർ ലഭ്യമാക്കി ഉൽപ്പാദനം ഇരട്ടിയാക്കുന്നതിനും ചേർത്തല യൂണിറ്റ് തുറക്കുവാനുമുള്ള പദ്ധതി.

- **കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി** സഹകരിച്ച് മലബാർ സിമൻറ്സ് ലിമിറ്റഡ് ഒരു **സിമൻറ് ലോജിസ്റ്റിക്സ് ഹബ്** ആരംഭിക്കുന്ന പദ്ധതി.

- കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡും **എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡുമായി** ചേർന്നുള്ള പദ്ധതി. ഇതിന്റെ സാധ്യതാ പഠനം നടത്തുന്നതിനായി എസ്.ബി.ഐ ക്യാപ്പിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

- **കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി** സഹകരിച്ച് ടെക്സ്റ്റയിൽ മില്ലുകൾക്കു ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി ലഭ്യമാക്കി.

| | |
|---|---|
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (ഡി) മേൽപ്പറഞ്ഞ പദ്ധതികളുടെ ഭാഗമായി ഇതിനോടകം സ്വീകരിച്ച നടപടികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

- കേന്ദ്ര സർക്കാർ സ്ഥാപനമായ **സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും** കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡുമായി ചേർന്ന് പ്രതിവർഷം 10000 ടൺ ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്നതിനുള്ള 3250 കോടിരൂപയുടെ ഒരു സംയുക്ത സംരംഭത്തിന് ധാരണാ പത്രം 04-04-2013 ൽ ഒപ്പി ട്ടിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി SAIL, KMML, KSIDC എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ജോയിൻറ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കാനുള്ള സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനായി Expression of Interest ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി KSIDC യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

- മലബാർ സിമൻറ്സിൻെറ നിലവിലുള്ള ഉൽപാദനശേഷി കേരളത്തിൻെറ സിമൻറ് ഉപഭോഗത്തിൻെറ 7-8 ശതമാനം മാത്രമാണ്. ഇതു വർദ്ധിപ്പിക്കുവാനായി കേന്ദ്ര പൊതുമേഖലാസ്ഥാപനമായ സിമൻറ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ടാൻഡൂർ പ്ലാൻറിൽ നിന്നും ക്ലിങ്കറും, സിമൻറും ലഭ്യമാക്കി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വില മെച്ചപ്പെടുന്നമുറയ്ക്ക് ഇത് കൂടുതലായി വാങ്ങി വിപണനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാളയാറിൽ നിലവിലുള്ള സിമൻറ് മില്ലിൻെറ ഉൽപാദനശേഷി ഇരട്ടിയാക്കുന്നതിനായി സിമൻറ് കോർപറേഷൻ ഓഫ് ഇൻഡ്യയുടെ പ്രവർത്തനം നിർത്തിയ ഒരു സിമൻറ് മില്ല് വാങ്ങി സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

- കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി സഹകരിച്ച് അവിടെ ഒരു സിമൻറ് ലോജിസ്റ്റിക് ഹബ് സ്ഥാപിയ്ക്കാനുള്ള അനുമതിയ്ക്കായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്.

- കെ.എസ്.ഡി.പിയുടെ വൈവിദ്ധ്യവത്ക്കരണത്തിൻെറയും വിപുലീകരണത്തിൻെറയും ഭാഗമായി ഇൻഡ്യയിലും, ആഗോള തലത്തിലും വിപണന സാധ്യത ഉറപ്പുവരുത്തുന്നതിനും, കമ്പനിയെ ഒരംഗീകൃത മരുന്ന് ഉൽപ്പാദന സ്ഥാപനമായി രാജ്യാന്തരതലത്തിൽ ഉയർത്തുന്നതിലേക്കായി **എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡുമായി** ചേർന്നുള്ള പദ്ധതിയുടെ സാധ്യതാ പഠനം നടന്നു വരുന്നു.

- **കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി** സഹകരിച്ച് ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി ഗുണമേന്മയുള്ള പഞ്ഞി ലഭ്യമാക്കിയിട്ടുണ്ട്.

Hanu

സെക്ഷൻ ഓഫീസർ